ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, ഇടതുപക്ഷത്തിന്റെ ഗവൺമെന്റിരി ക്കുമ്പോൾ ഒരു കിലോഗ്രാം അരിക്ക് 42 പൈസ വർദ്ധിപ്പിച്ചുവെന്നു പറഞ്ഞു. റേഷനരിയുടെ വില വർദ്ധിപ്പിച്ചപ്പോൾ ജനങ്ങളുടെമേൽ ഈ ഭാരം കെട്ടിവയ്ക്കാൻ സാദ്ധ്യമല്ലെന്ന് അന്നത്തെ ഗവൺമെന്റ് കേന്ദ്രഗവൺമെന്റി നോട് ആവശ്യപ്പെട്ടിരുന്നു. മാത്രമല്ല അതിന് സബ്സിഡി ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ ഈ ഗവൺമെന്റ് ഒരു കിലോഗ്രാം അരിക്ക് 66 പൈസ വർദ്ധിപ്പിച്ചു. ഇങ്ങനെ 66 പൈസയായിട്ട് വർദ്ധിപ്പിച്ചിട്ട് ഇത് സബ്സിഡിയായി തരണമെന്നോ അല്ലെങ്കിൽ പൊതുജനങ്ങളിൽനിന്ന് പിരിച്ചെടുക്കാൻ കഴിയുകയില്ലെന്നോ ഈ സർക്കാർ കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ, ഇപ്പോൾ എന്തെങ്കിലും സഹായം കിട്ടുന്നുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സർ, അന്നത്തെ ഗവൺമെന്റ് സബ്സിഡി കൂട്ടിത്തരണമെന്ന് കേന്ദ്രത്തിന് എഴുതിയിട്ടുണ്ടോയെന്ന് എനിയ്ക്കറിയില്ല. പക്ഷേ ഈ ഗവൺമെന്റ് ഇവിടെ ഭരിച്ചുകൊണ്ടിരിക്കുമ്പോൾ റേഷൻ ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്ന ഒരു ലക്ഷം ടൺ അരിക്ക് 15 കോടി രൂപയോളം സബ്സിഡിയായി കേന്ദ്രം സഹിക്കുന്നുണ്ട്. ഈ വിലവർദ്ധനവുകൊണ്ട് സബ്സിഡി ഇനത്തിൽ കുറച്ചു കുറവുവരും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ .....

ശ്രീ. ഇ. കെ. നായനാർ : സർ, അതിന് രേഖ ഉണ്ടോ? എവിടെയാണ് പറഞ്ഞിട്ടുള്ളത് 15 കോടിരൂപ സബ്സിഡി ഉണ്ടെന്നുള്ളത്? അത് ഒരു പുതിയ കണക്കാണല്ലോ ?

ശ്രീ. യു. എ. ബീരാൻ : സർ, 15 കോടിരൂപ വർദ്ധിക്കുകയല്ല. ഒരുലക്ഷം ടൺ അരി റേഷൻഷോപ്പുകളിലൂടെ വിതരണം ചെയ്യുമ്പോൾ അതിന്റെ ആക്ച്വൽ വിലയും ഇഷ്യു പ്രൈസും തമ്മിലുള്ള ഡിഫറൻസ് കേന്ദ്രഗവൺമെന്റ് നികത്തുകയാണ്. അങ്ങനെ നികത്തിക്കൊണ്ട് ഇതുവരെ സബ്സിഡിയെന്നുള്ള നിലക്ക് 15 കോടിരൂപ കേന്ദ്രഗവൺമെന്റ് നഷ്ടം സഹിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 66 പൈസ ഒന്നായിട്ട് ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടില്ല. ആറു പ്രാവശ്യമായി കേന്ദ്രഗവൺമെന്റ് ഇഷ്യു പ്രൈസ് വർദ്ധിപ്പിച്ചപ്പോൾ അതാത് കാലഘട്ടങ്ങളിൽ ആ നിർദ്ദേശമനുസരിച്ചേ വർദ്ധിപ്പിച്ചിട്ടുള്ളൂ. ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുള്ളത് കേവലം 8 പൈസ മാത്രമാണ്.

(2) പെരിന്തൽമണ്ണയിലെ ജലക്ഷാമം

ശ്രീ. നാലകത്ത് സൂപ്പി : സർ, മലപ്പുറം ജില്ലയിലെ ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് പെരിന്തൽമണ്ണ ടൗണും പരിസരപ്രദേശങ്ങളും. ആ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമത്തെക്കുറിച്ച് ഇതിനുമുമ്പും ഇവിടെ ഞാൻ ഉന്നയിച്ചിരുന്നതാണ്. 1970-ൽ ആരംഭിച്ച കട്ടപ്പാറ പദ്ധതി മാത്രമാണ് ശുദ്ധജല വിതരണത്തിനായി ഇവിടെ ആശ്രയമായിട്ടുള്ളത്. അതുതന്നെ ഏതാണ്ട് രണ്ടോമൂന്നോ പഞ്ചായത്തുകളിൽ മാത്രമേ വിതരണം നടത്തുന്നുള്ളൂ. ആ പദ്ധതിയോടനുബന്ധിച്ചുള്ള പമ്പ്ഹൗസിൽ ഒരു മോട്ടർ കേടു വന്നിട്ട് വളരെക്കാലമായി. അത് നേരെയാക്കുന്നതിനോ റീപ്ലേയ്സ് ചെയ്യുന്നതിനോ ഉള്ള പ്രൊപ്പോസലിനെ ഇന്നേവരെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് അംഗീകാരം നൽകിയിട്ടില്ലെന്നുള്ളതാണു സത്യം. അതുപോലെതന്നെ ഇവിടെനിന്ന് പമ്പ് ചെയ്യുന്ന വെള്ളം റിസർവോയറിൽ വളരെക്കാലമായി ഉപയോഗശൂന്യമായി കിടക്കു

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കയാണ്. അതും മാറാറാനോ അല്ലെങ്കിൽ വിപുലീകരിക്കുന്നതിനെക്കുറിച്ചോ ഇന്നും ഒരു തീരുമാനം എടുത്തിട്ടില്ല. വളരെ നിർദ്ദിഷ്ടമായ പല പദ്ധതികളും ഗവൺമെന്റിന്റെ മുമ്പാകെ ഉണ്ട്. ബൃഹത്തായ ഒരു ശുദ്ധ ജലവിതരണ പദ്ധതി പെരിന്തൽമണ്ണയിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഒരു ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അത് ധൃതഗതിയിലാക്കി നടപ്പിലാക്കുന്നതിനെക്കുറിച്ച് തീരുമാനിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ യാതൊരു വിധ സൗകര്യവുമില്ലാത്ത കീഴാറ്റൂർ, മേലാറ്റൂർ, ഇടപ്പറ, വെട്ടത്തൂർ പഞ്ചായത്തുകൾ ഭാഗമായി ഉൾക്കൊണ്ടുകൊണ്ട് ഉറവുംപുറം ശുദ്ധജലവിതരണ പദ്ധതിക്ക് ഒരു പ്രൊപ്പോസൽ ഉണ്ട്. അതും ഒട്ടെന്നു നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്. മറ്റൊന്ന് പാലക്കാട് ജില്ലയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള മുറിയംകണ്ണി ശുദ്ധജലവിതരണ പദ്ധതി മലപ്പുറം ജില്ലയിലെ രണ്ടു പഞ്ചായത്തുകളിൽകൂടിയാണ് പോകുന്നത്. ആ പദ്ധതി പെട്ടെന്നു തുടങ്ങിയാൽ മലപ്പുറം ജില്ലയിലെ ഈ തൊട്ടടുത്ത പഞ്ചായത്തുകളിൽകൂടി സൗകര്യപ്രദമായി ഉപയോഗിക്കാൻ സാധിക്കും. നിലവിലുള്ള ഏതാനും കുഴൽക്കിണർ പദ്ധതികളും ഇന്ന് ഭാഗികമായിട്ടേ പ്രവർത്തിക്കുന്നുള്ളൂ. കാരണം പല സമയത്തും വെള്ളം കിട്ടാറില്ലെന്നുള്ളതാണ്. അതുപോലെ കുഴിക്കപ്പെട്ടു കിടക്കുന്ന കുഴൽകിണറുകളിലെ പമ്പുഹൗസും വെള്ളമില്ലാതെ പ്രയാസപ്പെട്ടു കിടക്കുകയാണ്. ഈ കാര്യങ്ങളൊക്കെ ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കണം. ഹരിജൻ കോളനികൾ സർവ്വേയിൽ ധാരാളമുണ്ട്. ആ ഹരിജൻ കോളനികളിലൊന്നും കുഴൽക്കിണർ കുഴിക്കാൻ പണമില്ല, ഫണ്ടില്ല എന്നുപറഞ്ഞുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൈമലർത്തുകയാണ്. എന്താണ് ഇതിന്റെ നിജസ്ഥിതി എന്നുള്ള കാര്യം എനിക്ക് അറിയില്ല. ഏതായാലും മലപ്പുറം ജില്ലയിൽ ഏറ്റവും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന പെരിന്തൽമണ്ണ പട്ടണത്തിലും പരിസരപ്രദേശങ്ങളിലും അടിയന്തിരമായി അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞ് നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

III സബ്മിഷൻ

(1) [ശ്രീ. വർക്കല രാധാകൃഷ്ണന്റെ—പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാരുടെ പരിതാപകരമായ അവസ്ഥ

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു മാനുഷിക പ്രശ്നം സഭയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശിക്ഷിക്കപ്പെട്ടു കിടക്കുന്ന തടവുകാരുടെ സ്ഥിതി അങ്ങേയറ്റം പരിതാപകരമായിതീർന്നിരിക്കുകയാണ്. സുപ്രീംകോടതിതന്നെ തടവുകാരുടെ പ്രശ്നത്തിൽ ഇടപെടുകയും ഗവൺമെന്റിന് കാലാകാലങ്ങളിൽ നിർദ്ദേശം നൽകുകയും ചെയ്യുക പതിവാണ്. തിരുവനന്തപുരത്തുള്ള പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാർ ദിവസവും ഒരു ഗേറാടി എന്നുള്ളനിലയിൽ ക്രൂരമായ മർദ്ദനത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. നമ്മളൊക്കെ നാസ്സി കോൺസെൻട്രേഷൻ ക്യാമ്പിലെ മർദ്ദനമുറകളെക്കുറിച്ച് കേട്ടിട്ടുണ്ട്. എന്നാൽ അതിലും നിഷ്ഠുരമായ മർദ്ദന സംവിധാനം ആ സെൻട്രൽ ജയിലിൽ നടന്നതായിട്ടുള്ള പല കത്തുകളും എന്റെ കൈവശമുണ്ട്. തടവുകാർ എഴുതി അയച്ചതാണത്. സമയമില്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly